(സി) ഈ കേസുകളിൽ പ്രതിസ്ഥാനമുള്ളവരിൽ ഓരോ രാഷ്ട്രീയ കക്ഷികളിലുംപെട്ട എത്രപേർ വീതമുണ്ട്;

(ഡി) ഇതു സംബന്ധിച്ച കേസുകളിൽ എത്രപേരെ അറസ്റ്റു ചെയ്തു;

(ഇ) ഇനി എത്രപേരെ കൂടി അറസ്റ്റ് ചെയ്യാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19 പേരുടെ കൈയോ, കാലോ വെട്ടികളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്.

(ബി) ഇവരിൽ രണ്ടുപേർ സി.പി.ഐ(എം) പ്രവർത്തകരും ബി.ജെ.പിയിലും കോൺഗ്രസ്സിലും ഓരോ ആളുകളും ബാക്കിയുള്ളവർ ഒരു കക്ഷിയിലും പെടാത്തവരുമാണ്.

(സി) ഈ കേസുകളിൽ പ്രതിസ്ഥാനത്തുള്ളവരിൽ പതിനാറ്പേർ ബി.ജെ.പി/ആർ.എസ്.എസ്സ് പ്രവർത്തകരും 15 പേർ കോൺഗ്രസ്സുകാരും 11 പേർ സി.പി.ഐ(എം) പ്രവർത്തകരുമാണ്.

(ഡി)&(ഇ) 83 പ്രതികളെ അറസ്റ്റു ചെയ്തു. ഇനി 23 പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്.

251(2415) താന്നിമൂട്ടിൽ നടന്ന സംഘട്ടനം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ താന്നിമൂട് എന്ന സ്ഥലത്ത് താൽക്കാലികമായികെട്ടുന്ന അയ്യപ്പതാവളത്തിൽ വച്ച് കഴിഞ്ഞ ഡിസംബർ മാസത്തിൽ ഇരുവിഭാഗക്കാർ തമ്മിൽ നടന്ന സംഘട്ടനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് രാഷ്ട്രീയ വിഭാഗത്തിൽപ്പെട്ടവർ തമ്മിലായിരുന്നു സംഘട്ടനം;

(സി) സംഘട്ടനത്തിനാസ്പദമായ സംഭവം വിശദീകരിക്കുമോ;

(ഡി) ഈ സംഭവം പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടും വളരെ വൈകി മാത്രമാണ് പോലീസ് സംഭവസ്ഥലത്ത് എത്തിച്ചേർന്നുള്ളുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സംഘട്ടനവുമായി ബന്ധപ്പെട്ട് പോലീസ് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരെ പ്രതിയാക്കി കേസ് എടുത്തിട്ടുണ്ട്; ഏതെല്ലാം സെക്ഷൻ പ്രകാരം; ഇതിൽ എത്ര പേരെ ഇതുവരെ അറസ്റ്റു ചെയ്തു; ഇനി എത്രപേരെ അറസ്റ്റുചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) സംഘട്ടനം നിയന്ത്രിക്കുന്നതിനായി കൃത്യസമയത്ത് പോലീസിനെ അയച്ചില്ല എന്നു കാണിച്ച് 29.12.99 ൽ സർക്കാരിന് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സി.പി.എം. ബി.ജെ.പി. പ്രവർത്തകർ തമ്മിലായിരുന്നു സംഘട്ടനം.

(സി) താന്നിമൂട് എന്ന സ്ഥലത്ത് നടത്തിവന്നിരുന്ന മണ്ഡലച്ചിറപ്പ് ഉത്സവത്തിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള തർക്കമാണ് സംഘട്ടനത്തിൽ കലാശിച്ചത്.

(ഡി) സംഭവം അറിഞ്ഞ ഉടൻ തന്നെ നെടുമങ്ങാട് പോലീസ് സ്ഥലത്തെത്തി ക്രമസമാധാനനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഇ) ഈ സംഭവവുമായി ബന്ധപ്പെട്ട് നെടുമങ്ങാട് പോലീസ് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ഒന്ന് ക്രൈം നം 598/99, ഐ.പി.സി.143, 147, 148, 149, 323, 324, 427 എന്നീ വകുപ്പുകൾ പ്രകാരവും ആംഡ് ആക്ട് സെക്ഷൻ 27 പ്രകാരവുമാണ് കേസെടുത്തിട്ടുള്ളത്. ഇതിൽ 6 പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ട്. ക്രൈം നം.599/99 ഐ.പി.സി.143, 147, 149, 332, 427 പ്രകാരവും പി.ടി.പി.പി. ആക്ട് 3(1) പ്രകാരവും പോലീസിനെ ആക്രമിച്ചതിനും ജീപ്പ് നശിപ്പിച്ചതിനും 50 ബി.ജെ.പിക്കാർക്കെതിരെ നെടുമങ്ങാട് പോലീസ് കേസ്സെടുത്തു. ഇതിൽ 5 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(എഫ്)ഇത്തരത്തിൽ ഒരു പരാതി ലഭിച്ചതായി കാണുന്നില്ല.

252(2450) പരിസ്ഥിതി മലിനീകരണം സംബന്ധിച്ച ബോധവൽക്കരണം

ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയേയും മലിനീകരണത്തേയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി സുപ്രീംകോടതിയും കേന്ദ്രസർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ ഇടയിൽ ക്യാംമ്പയിനിംഗ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിയേയും മലിനീകരണത്തേയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രധാനമായും മൂന്ന് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(1) എല്ലാവർഷവും ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly